(ബി) ഈറിപ്പോർട്ട് ഗവണ്മെൻറ് അംഗീകരിച്ചു കഴിഞ്ഞോ;

(സി) ജനസാന്ദ്രം ഏറ്റവും കൂടുതൽ ഇടതിങ്ങിപ്പാർക്കുന്നതും, തീരപ്രദേശത്തുള്ളതുമായ ഇടവാ പ്രകൃതിയിൽ ഒരു സർക്കാർ ആശുപത്രി സ്ഥാപിക്കണമെന്നുള്ള നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) അതിന്മേൽ എന്തു നടപടി നടത്തി; നാട്ടുകാർ ആശുപത്രിക്കാവശ്യമായ സ്ഥലവും, കെട്ടിടവും, മരുന്നുകളും തരാമെന്നു സമ്മതിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല, ആലോചനയിൽ ഇരിക്കുന്നു.

(സി) ഉണ്ട്.

(ഡി) റാഷനലൈസേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതുവരെ കാത്തിരിക്കേണമെന്നു് അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. സ്ഥലം, കെട്ടിടം മുതലായവ തരാമെന്നു് നാട്ടുകാർ അറിയിച്ചിട്ടുണ്ട്.

## കപ്പ.

* 991. [17] ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിന്നു് ആകെ സഹകരണ സംഘങ്ങൾവഴി വിലകൊടുത്ത കപ്പ എത്ര; എത്ര രൂപയ്ക്കു്;

(ബി) ഇതിൽ സൗജന്യനിരക്കിൽ സെയിൽ ഡിപ്പോകളിൽ നിന്നു് ഇതുവരെ വിറ്റ കപ്പ എത്ര;

(സി) ഈ കപ്പ കേടു സംഭവിക്കുന്നതിനു മുമ്പായാക്കാതെ ചെലവഴിക്കാൻ ഗവണ്മെൻറിനു വല്ല പദ്ധതിയുമുണ്ടോ;

(ഡി) തിരുവിതാംകൂർ-കൊച്ചിക്കു വെളിയിൽ ഇതു് ചെലവഴിക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ഗവണ്മെൻറ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(ഇ) ഈ വിലയ്ക്കുകൽ സ്കീം തുടർന്നു നടത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 9794 ടൺ 3 ഹ: 2 കപ്പ: 27 പൗണ്ട് ഉണക്കിയ മരച്ചീനി സഹകരണസംഘങ്ങൾവഴി വിലയ്ക്കെടുത്തു. 16,90,767 രൂ. 2 ണ. 6 സ. വിലയായി കൊടുത്തു.

(ബി) സൗജന്യനിരക്കിൽ കപ്പ വിറ്റിട്ടില്ല.

(സി) ഈ കപ്പ ചെലവഴിക്കാൻ വേണ്ട ഉത്തരവുകൾ കൊടുത്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly